**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1173** **12-06-2024 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി തീരത്ത് പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുവശങ്ങളിലും കടലാക്രമണം ചെറുക്കുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുവശങ്ങളിലും കടലാക്രമണം ചെറുക്കുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുവശങ്ങളിലും കടലാക്രമണം ചെറുക്കുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| (സി) | ഹാർബർ നിർമ്മാണത്തിന് ശേഷം ഹാർബറിന്റെ ഇരുവശങ്ങളിലും പ്രത്യേകിച്ച് വലതുവശത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നത് പ്രതിരോധിക്കുവാൻ പുലിമുട്ടുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്നുമുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ വികസനപ്രവർത്തനങ്ങൾക്കായി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) ഡിസംബർ 2010ൽ സമർപ്പിച്ച 'Mathematical Model studies for Wave tranquility and Shoreline changes due to the proposed development of Fishing Harbour at Parappanangadi Kerala' എന്ന പഠന റിപ്പോർട്ട് പ്രകാരം പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ച് 10 വർഷത്തിന് ശേഷം ഹാർബറിന്റെ തെക്ക് ഭാഗത്ത് 2 മുതൽ 3 കിലോമീറ്റർ ദൂരത്തിൽ erosion നടക്കുവാൻ സാദ്ധ്യതയുണ്ടെന്നും പ്രസ്തുത പ്രദേശം ഗ്രോയിൻ/സീവാൾ ഉപയോഗിച്ച് സംരക്ഷിക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ വശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) റിപ്പോർട്ട് പ്രകാരം പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ച് 10 വർഷത്തിനുശേഷമാണ് Erosion സംഭവിക്കുമെന്ന് പ്രതിപാദിച്ചിട്ടുള്ളത്. പുലിമുട്ടുകളുടെ നിർമ്മാണത്തിനു ശേഷം ഷോർ ലൈൻ ബിഹേവിയർ പഠനവിധേയമാക്കിയതിനു ശേഷം, മത്സ്യബന്ധന തുറമുഖത്തിന്റെ വശങ്ങളിൽ തീരസംരക്ഷണം |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ള പക്ഷം തീരസംരക്ഷണത്തിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഈ പ്രവൃത്തി സംബന്ധിച്ച് ഫയൽ നിലവിൽ ഉണ്ടോ; എങ്കിൽ ഫയൽ നമ്പർ സഹിതം വിശദീകരിക്കാമോ? | (ഇ) | ഫയൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ